jaagrathayude
**Keraleeyam**
2013 April

**Rs. 25/-**

കൂടംകുളം ആണവനിലയത്തിനെതിരെ സമരം ചെയ്യുന്ന ഇടിന്തകരയിലെ ആണവോർജ്ജ വിരുദ്ധ ജനകീയ കൂട്ടായ്മയുടെ സജീവ പ്രവർത്തകരായ സ്ത്രീകളോട് സംസാരിച്ച്

**എസ്. അനിത** തയ്യാറാക്കിയത്

# ഇടിന്തകരയിൽ നിന്നും വീണ്ടും

പ്രിയപ്പെട്ട സുഹൃത്തുക്കളേ,

ഇന്ന്, 2013 ഏപ്രിൽ 16ന് ഞങ്ങൾ മുതിർന്നവരും ചെറിയവരും സ്ത്രീകളും പുരുഷന്മാരുമെല്ലാം ഞങ്ങളുടെ ഗ്രാമസമിതിയുടെ നേതൃത്വത്തിൽ കൂടംകുളം സമരത്തെ സംബന്ധിച്ച വളരെ അടിയന്തിരമായ ഒരു കാര്യം ചർച്ച ചെയ്യാൻ ഒത്തുചേർന്നിരിക്കുകയാണ്. കൂടംകുളം ആണവനിലയത്തിന് ഏറ്റവും സമീപത്തുള്ള ഇടിന്തകരൈ ഗ്രാമനിവാസികളായ ഞങ്ങൾ കഴിഞ്ഞ 600 ദിവസങ്ങളായി ഈ നിലയത്തെ സംബന്ധിച്ച ചില ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ അല്ലേ? എന്നാൽ ഞങ്ങളുടെ ചോദ്യങ്ങൾക്കും ആശങ്കകൾക്കും മറുപടി ലഭിച്ചില്ലെന്ന് മാത്രമല്ല, ഞങ്ങളുടെ അഹിംസാത്മക സമരത്തെ ക്രൂരമായി അടിച്ചമർത്തുകയും ഞങ്ങളെ രാജ്യദ്രോഹികളും ശത്രുക്കളുമായി മുദ്രകുത്തുകയും ചെയ്തു.



ആണവനിലയത്തിൽ നിന്നും കടലിലേക്കൊഴുക്കുന്ന ചൂടും ലവണാംശവുമുള്ള വെള്ളത്തിന് യാതൊരു പ്രശ്നവുമില്ലെന്ന സർട്ടിഫിക്കറ്റ് നൽകിയ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ധൈര്യം അപാരം തന്നെ. ഈ നടപടി ഞങ്ങളുടെ ജീവിതമാർഗ്ഗമായ മത്സ്യസമ്പത്തിനെയും ഞങ്ങളുടെ ജീവനെയും നാമമാത്രമാക്കുമെന്ന് എല്ലാവർക്കുമറിയുന്നതാണ്. ഈ ആണവനിലയത്തിനായി നിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിക്കാനിടയാക്കിയ ഇന്ത്യൻ ആണവോർജ്ജ കോർപ്പറേഷൻ ലിമിറ്റഡും കുപ്രസിദ്ധ റഷ്യൻ കമ്പനിയായ സിയോ പൊഡോൾസ്കും തമ്മിലുള്ള ഉടമ്പടിയെക്കുറിച്ചും ഇപ്പോൾ ഞങ്ങൾക്ക് ഭയമുണ്ട്.

കഴിഞ്ഞ രാത്രി ഞങ്ങളിൽ കുറച്ചു പേർ ലൂർദ്ദ് പള്ളിമുറ്റത്തെ സമരപ്പന്തലിൽ കിടന്നുറങ്ങാൻ ശ്രമിച്ചപ്പോൾ അവിടെയുമിവിടെയുമൊക്കെ ആയുധധാരികളായ ആളുകൾ കറങ്ങി നടക്കുന്നത് കണ്ടു. ഞങ്ങൾ അവരെ പ്രകോപിപ്പിക്കാൻ ശ്രമിച്ചില്ല. കാരണം ഗ്രാമത്തിന് പുറത്ത് പോലീസിന്റെയും ചില പ്രാദേശിക നേതാക്കളുടെയും മൗനാനുവാദത്തോടു കൂടി അടിപിടിയും മറ്റും നടന്നതായി അർദ്ധരാത്രിയോടെ ഞങ്ങളറിഞ്ഞു. ഞങ്ങളുടെയിടയിൽ സ്പർദ്ധയും അക്രമവും വളർത്തുന്നതിനുള്ള തന്ത്രമാണിതെന്ന് ഞങ്ങൾക്ക് മനസ്സിലായി. അടിയന്തിരമായി ആലോചിക്കേണ്ട ഒരു വിഷയമാണിതെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു.

നിങ്ങൾക്കെല്ലാമറിയുന്നത് പോലെ അഹിംസയുടെയും സമാധാനത്തിന്റെയും സമരമാർഗ്ഗത്തിൽ അടിയുറച്ചു വിശ്വസിച്ചതാണ് ഞങ്ങളുടെ ഏറ്റവും വലിയ വിജയം. ഏറെ ആലോചിച്ച് ഞങ്ങൾ തീരുമാനിച്ച വിവേകപൂർണ്ണമായ സമരരീതിയായിരുന്നു ഇത്. എന്നാൽ വർഷങ്ങളായി ഞങ്ങൾ അനുഭവിക്കുന്ന മന:പൂർവ്വമുള്ള അവഗണനയും അനാസ്ഥയുമെല്ലാം കാരണം ഒരു ചെറിയ തീപ്പൊരി മതി, ഞങ്ങളുടെ അമർഷവും കോപവുമെല്ലാം ആളിക്കത്തിക്കാൻ. രാജ്യത്തിന്റെ ഒരുമയെ ഇല്ലാതാക്കുന്ന, ആളുകളെ വിഭജിക്കുന്ന ജാതി-മത ഭ്രാന്തും രാഷ്ട്രീയക്കളികളുമെല്ലാം കാരണം ചരിത്രത്തിൽ നാമമാത്രമായിത്തീർന്ന ഒട്ടേറെയാളുകളെപ്പോലെയാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഭീകരവാദികളെന്ന് ലേബൽ ചെയ്യപ്പെട്ട്, ക്രിയാത്മകമായി ഒന്നും ചെയ്യാനാകാതെ ഞങ്ങളുടെ യുവതലമുറ ജയിലഴികൾക്ക് പിന്നിൽ ജീവിതം ഹോമിക്കുന്നത് ഞങ്ങൾക്ക് കാണേണ്ട.

ഇവിടെ മീറ്റിംഗ് കൂടി വീണ്ടും ഊന്നിപ്പറയാൻ ഞങ്ങളാഗ്രഹിക്കുന്ന കാര്യങ്ങളാണിത്. ഈ കടൽത്തീരത്ത് ജീവനും ജീവിതവും നിലനിർത്താനും ജനാധിപത്യത്തിൽ പങ്കാളികളായി, ശരിയായ പുരോഗതിക്കും വികസനത്തിനും വേണ്ടി നിലകൊള്ളാനും നീതിയും സമാധാനവും ലഭിക്കാനായി പൊരുതാനുമാണ് ഞങ്ങൾ ശ്രമിക്കുത്. ഞങ്ങളെ ഇതിനായി പിന്തുണക്കുക, ഒപ്പം നിങ്ങൾക്ക് കഴിയാവുന്ന മാർഗ്ഗങ്ങളിലൂടെ ഈ സന്ദേശം ലോകത്തിനു മുന്നിലെത്തിക്കുക.

എന്ന്

**ഇടിന്തകരയിലെ സഹോദരിമാർ**

ആണവോർജ്ജവിരുദ്ധ ജനകീയ കൂട്ടായ്മ,
ഇടിന്തകരൈ, തിരുനെൽവേലി ജില്ല

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com